കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

പ്രവചന കാലയളവ് 17.12.2025 മുതൽ 21.12.2025 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 50/2025 (100) ചൊവ്വാഴ്ച | തീയ്യതി 16/12/2025 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 17.12.2025 | 18.12.2025 | 19.12.2025 | 20.12.2025 | 21.12.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 40 | 40 | 40 | 40 | 40 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 3 | 4 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 70 | 90 | 70 | 90 | 70 |
| മേഘ വ്യാപ്തി (ഒക്ടാ ) | 3 | 3 | 3 | 3 | 3 |

**കാലാവസ്ഥാ അറിയിപ്പ്:- വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.**

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-.ഉയർന്ന താപനിലയിലെവർധനവ് തുടരുന്നതിനാൽ വിളകളിൽ പുതയിടൽ നടത്തി മണ്ണിലെ ജലസംരക്ഷണം ഉറപ്പ് വരുത്തുക. വിളകൾക്ക് ആവശ്യാനുസരണം ജലസേചനം നടത്തുക.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല്(മുണ്ടകൻ) കതിരു വരുന്ന പരുവം | പോളരോഗം | മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുന്നതിനാൽ നെൽപ്പാടങ്ങളിൽ നെൽച്ചെടിയെ ബാധിക്കുന്ന പോളരോഗം കണ്ടുവരുന്നുണ്ട്. പാടങ്ങളിൽ നെൽച്ചെടിയുടെ കടഭാഗത്തു നിന്ന് തുടങ്ങുന്ന പൊള്ളിയ പോലുള്ള പാടുകളാണ് ഈ രോഗത്തിൻറെ ലക്ഷണം. ഓലയുടെ പോളയുടെ മുകളിൽ കാണുന്ന ഈ പാടുകൾ രോഗം അധികരിക്കുമ്പോൾ ഇലകളിലേക്കു വ്യാപിക്കുകയും ഇലകൾ കരിഞ്ഞു പോകുകയും ചെയ്യുന്നു. ഈ രോഗം ബാധിക്കാതിരിക്കാനുള്ള മുൻകരുതലായി ട്രൈക്കോഡെർമ ഏക്കറിന് ഒരു കിലോ എന്ന കണക്കിൽ ഞാറു പറിച്ചുനട്ട ഒരാഴ്ചക്ക് ശേഷം ജൈവവളവുമായി കലർത്തി പാടത്തു ഇട്ടുകൊടുക്കാം. കൂടാതെ പറിച്ചു നട്ട ഒരു മാസത്തിനു ശേഷം ഇത് 10 ഗ്രാം ഒരു ലിറ്ററിന് എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗം അധികരിക്കുന്ന സാഹചര്യത്തിൽ പ്രൊപികൊണസോൾ 1 ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചുകൊടുക്കാവുന്നതാണ്. |
| തെങ്ങ് | വെള്ളീച്ച | ചൂട് കൂടിവരുന്നതിനാൽ തെങ്ങിൽ വെള്ളീച്ചകളുടെ ആക്രമണം കണ്ടു വരുന്നുണ്ട്. ഈ ആക്രമണം നിയന്ത്രിക്കുന്നതിനായി മഞ്ഞ കെണികൾ ഒരു ഹെക്ടറിന് 15 എന്ന കണക്കിൽ തെങ്ങിൻ തോപ്പുകളിൽ ഇടവിട്ടിടവിട്ട് സ്ഥാപിക്കുക. മണ്ണു പരിശോധനാടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള തോതിൽ മാത്രം വളങ്ങൾ നൽകുക. ഈ സമയങ്ങളില് തെങ്ങോലകളില് കാണുന്ന കരിംപൂപ്പ് തടയുന്നതിന് അവയ്ക്കെതിരെ പ്രകൃതിയിലുള്ള മിത്രകീടങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടി കീടനാശിനി പ്രയോഗം ഒഴിവാക്കുക. വെള്ളീച്ചകളുടെ ആക്രമണം രൂക്ഷമായാൽ 0.5 % വേപ്പെണ്ണ അല്ലെങ്കിൽ 5 % വേപ്പിൻകുരു സത്ത് അല്ലെങ്കിൽ വേപ്പെണ്ണ (2%) + വെളുത്തുള്ളി (2%) + അന്നജം (1%) എന്ന മിശ്രിതം ഇവയിലേതെങ്കിലും തെളിഞ്ഞ കാലാവസ്ഥയിൽ തളിച്ച് കൊടുക്കുക. കീടനാശിനി പ്രയോഗം പൂർണമായും ഒഴിവാക്കുക |
| മുളക് | വെള്ളീച്ച | ചൂട് കൂടിവരുന്നതിനാൽ മുളകിൽ വെള്ളീച്ചകളുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്.ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം-: തൊലിപ്പുറമേ ഉള്ള പരാദങ്ങൾക്കു എതിരെ ജാഗ്രത പുലർത്തണം. പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ടു നിറം എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വെറ്റിനറി ഡോക്ടറുടെ സഹായം തേടണം. (CAADECCS, KVASU, Mannuthy)